was at the Head of the Holy Department who used to ask me to eschew the word God from my Inspection Reports when I used to remark that " Godliness, combined with its cleanliness, is bound to make this School a model one ", and so on. His Office was full of moral corruption and he did not know what to do. God chose me at last to purify the moral atmosphere, and there is much to be said about it. Shall I do so ?

President.—You have to answer the points raised by the other members.

Mrs. Swaris.—That is just what I am doing. The points are coming from above.

Mr. George Chakyamuri.—You are an Avatar !

Mrs. Swaris.—May be! I am preaching even to Mahatma regarding the future. And he asks me to pray. Do you all ever pray ? If you all pray you will understand my points. I am praying for all. The three Catholics who spoke have understood me; because they have the gift of understanding. Two Hindus have also supported because they are not atheists. If children are not taught morals when they are young, in School and at home, they are bound to become atheists by the example set by their parents and others who are not Godly and even go to jail as pointed out by the Hon'ble Member Ezhuva have. If this resolution is not passed, you shall have to rue in the future. I have nothing more to say. I feel that I was sent here to move this resolution alone, and whatever be its fate, I press it to a division.

Resolution put and negatived.

Resolution No. 4.

Legislation regulating hours of work and wages of labour.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— മിസ്റ്റർ പ്രസിഡൻറ് സർ, ഞാൻ അവതരിപ്പിയ്ക്കുന്ന പ്രമേയം *"This Council recommends to the Government to effect legislation, regulating hours of work and wages of labour"* എന്നാണ്. അതായത് വേലസമയത്തെയും കൂലിനിരക്കിനേയും നിയന്ത്രിക്കുന്നതായ നിയമങ്ങൾ നടപ്പാക്കണമെന്ന് ഈ നിയമസഭ ഗവൺമെൻറിനോട് ശുപാർശ ചെയ്യുന്നുവെന്ന. ഈ വിഷയം നിയമസഭയ്ക്ക വളരെ മുമ്പുതന്നെ സുപരിചിതമായ ഒരു സംഗതിയാണ്. ഈദൃശ സംഗതികളെക്കുറിച്ച്. അനുഭാഗസ്ഥന്മാർ പ്രസംഗിക്കുമ്പോൾ 'ഈ പട്ടികയ്ക കരുപ്പുകാപ്പട്ടെ; നമ്മുടെ സാമ്പ്രദായത്തിൽ ഈ ശബ്ദങ്ങൾക്ക് എന്തു സ്ഥാനമാണുള്ളത് എന്ന ഭാവത്തിൽ'

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ അപ്പുറം കാണുന്ന ഭാവം നല്ലതിനല്ല. ആ മനസ്ഥിതിയുടെ സാന്നിദ്ധ്യം മൂലമാണ് ഉത്തരവാദിത്വ ഭരണം വേണമെന്നുള്ള അസ്വസ്ഥത ഈ നാട്ടിൽ അടിക്കടി വളർന്നുവന്നിട്ടുള്ളത്. ആലോചനക്കു വന്നിട്ടുള്ള പ്രമേയം ഈ കൊച്ചി നിയമസഭയ്ക്കു് ഏറ്റവും പുത്തനിയായ ഒന്നല്ല. ഫ്രാവ്യ ബഡ്ജറ്റുയോഗത്തിൽ ഈ വിഷയത്തെക്കുറിച്ചു് ഗവൺമെൻറു നിശ്ചിതമായ ഒരു വാഗ്ദത്തം തരികയുണ്ടായി. അതിനു ശേഷം ഫ്രൻ-ലെ ബഡ്ജറു യോഗവും കഴിഞ്ഞു് ഇപ്പോൾ ഫ്രാ മകരമാസമായി. കാലത്തിനു യാതൊരു വിലയും കല്പിക്കേണ്ട ആവശ്യം ചിരഞ്ജീവിയായ ഗവർമ്മെൻറിനില്ലെന്നായിരിക്കുമോ അപ്പുറത്തുള്ളവർ കരുതുന്നതു്! അങ്ങിനെ, പ്രസ്താവത്തിലിരിക്കുന്ന വാഗ്ദത്തത്തിനു ശേഷം ഇപ്പോഴേക്കു ഒന്നരക്കൊല്ലത്തോളമായി. വാഗ്ദത്തം എന്താണെന്നുവെച്ചാൽ വേലസമയത്തേയും കൂലി നിരക്കിനേയും നിയന്ത്രിക്കുന്ന നിയമങ്ങൾ നടപ്പാക്കാമെന്നു്. നിയമസഭയിൽ നൽകുന്ന വാഗ്ദത്തങ്ങളെ ലംഘിക്കുന്നതു അഭിമാനമെന്നു വിചാരിക്കുന്ന ഒരുകൂട്ടർക്കു് ഇതെല്ലാം വൃഥാ കണ്ടുക്ഷോഭമായിരിക്കാം. പൊതുജനങ്ങളെങ്കിലും അറിയട്ടെ. ഗവൺമെൻറിൻെറ വാഗ്ദത്തത്തെ നിയമസഭാ പ്രൊസീഡിങ്ങ്സിൽനിന്നും പ്രമാണപ്പെടുത്തിക്കാണിക്കാം. ഞാൻ ഈ പുസ്തകത്തിൽനിന്നു് അധികം വായിച്ചു് സഭാസ്യരെ മുഷിപ്പിക്കണമെന്നു വിചാരിക്കുന്നില്ല. പ്രധാനമായിട്ടുള്ള ഭാഗം മാത്രം വായിക്കാം.

"Will the Government be pleased to state:—The longest hours of work and the smallest wages prevalent in our State?

The longest hours of work generally prevalent in the State are 12 hours. The lowest wage prevalent is generally three annas.

Do the Government consider this state of affairs to be a permissible state of affairs?

I don't exactly understand the question.

Do the Government think that this is a state of affairs that can be tolerated by the State?

Working 12 hours a day? I don't think.

Wages also?

The lowest rate is three annas, I want notice.

May I know, Sir, what they intend to do to reform the situation?

If the Governmet find it necessary, steps will be taken.

What kind of steps, may I know?

Some Regulations have to be passed."

ഇപ്രകാരം ചില നിയമങ്ങൾ ഈ ന്യായമായ സംഗതിയിൽ കൊണ്ടുവരാമെന്നു യാതൊരു അവ്യക്തതയുമില്ലാത്ത നിലയിൽ തെളിച്ചു പറഞ്ഞിട്ടു് ഒന്നരക്കൊല്ലം കഴിഞ്ഞിട്ടും അതിനെ സംബന്ധിച്ചു് കായ്യമായ യാതൊരു നടപടികളും നടത്തിയിട്ടില്ലെന്ന ഭീമമായ, ഉത്തരവാദിത്വബോധമില്ലാത്ത, ഒരു തെറ്റിനെ—ജനക്ഷേമത്തെക്കുറിച്ചു തീരെ ശ്രദ്ധിക്കാത്ത അപലപനീയമായ ഒരു മനസ്ഥിതിയെ—ഞാൻ ഗവൺമെൻറിൻെറ മുഖക്കണ്ണാടിയിൽ സമർപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്രകാരം ഗവമ്മെൻറു പറഞ്ഞിട്ടുള്ള സംഗതികൾ നോക്കിയാൽ ഉടനെ എന്തെങ്കിലും നടപടികൾ ഈ വിഷയത്തിൽ നടത്തുമെന്നു പ്രതീക്ഷിപ്പാൻ ജനങ്ങൾക്കു ധാരാളം അവകാശം ഉണ്ടായിരുന്നു; ഭൂരിപക്ഷങ്ങളുടെ വിയപ്പിൽ വിളഞ്ഞ തടിച്ചു തസ്തികകളോടുള്ള കൃതജ്ഞത അല്പമെങ്കിലും ഗവമ്മെൻറു കാണിക്കുമെന്നു പ്രത്യാശിച്ചിരുന്നു. നിരാശയെ താലോലിച്ചു വളർത്തുന്ന ഗവമ്മെൻറു് ഇതിലും ജനങ്ങളെ വഞ്ചിച്ചു. പത്തും പന്ത്രണ്ടും മണിക്കൂർ വേലചെയ്തിട്ടും രണ്ടും മൂന്നും അണമാത്രം ദിവസം കൂലികിട്ടുന്ന ഒരു വലിയ ജനവിഭാഗം നമ്മുടെ നാട്ടിലുണ്ടെന്നുള്ള സംഗതി ഗവമ്മെൻറു് എങ്ങിനേയോ മനസ്സിലാക്കുകയും അവരുടെ രക്ഷക്കായി അടിയന്തിരമായ ചില നടപടികൾ നടത്താമെന്നു വാഗ്ദത്തം ചെയ്കയും ചെയ്തിട്ടു് ഇപ്പോഴേക്കു ഒന്നരക്കൊല്ലത്തോളമായിട്ടും ആ സംഗതിയിൽ യാതൊന്നും ചെയ്യാതെ മൌനമവലംബിച്ചു ഈ ഗവമ്മെൻറിൻെറ ഔദാസീന്യതയേയും ഹൃദയമില്ലായ്മയേയും വലിയവരുടെ കാര്യം മാത്രം നോക്കുന്ന ശീലത്തേയും എത്രതന്നെ അപലപിച്ചാലും മതിയാകുന്നതല്ല. നമ്മുടെ നാട്ടിൽ അസംസ്ഥതകളും ഭരണത്തെ വെറുക്കുന്നതായ പ്രതിഷേധങ്ങളും ഉത്തരോത്തരം വളർന്നു വരുന്നതു് ബഹുലക്ഷങ്ങളുടെ ക്ഷേമത്തെ പുരസ്കരിച്ചു് ധൃതഗതിയിൽ പ്രവൃത്തിക്കുവാനുള്ള സന്നദ്ധത ഗവമ്മെൻറിനില്ലാതെ വരുന്നതുമൂലമാണെന്നു നിങ്ങൾ മനസ്സിലാക്കുന്ന സുദിനം കൊച്ചിയിൽ ഉദിക്കുമോ? കടലാസ്സു് ഒപ്പിടേണ്ട ഭാരം മാത്രമേ ഉള്ളൂവെന്നു തെറ്റിദ്ധരിച്ചിരിക്കുന്ന അപ്പുറത്തെ ഫർസ്റ്റു യന്ത്രങ്ങൾ അതു മനസ്സിലാക്കുമോ? അതു നിങ്ങൾ മനസ്സിലാക്കാത്തതാണ് ഈ സവ്വ് കുഴപ്പങ്ങൾക്കും കാരണമെന്നു ഞാൻ വിചാരിക്കുന്നു. നിയമസഭയിൽ അനുദ്യോഗസ്ഥന്മാരുടെ അലട്ടുകൾ മുറുകുമ്പോൾ തല്ക്കാലം വിഷമമൊഴിക്കുവാൻവേണ്ടി സാന്ത്വനപരമായ വാഗ്ദത്തങ്ങൾ നൽകുകയും അതിനുശേഷം ഇവിടെനിന്നും പുറത്തിറങ്ങിയ ക്ഷണം അതിനെ മറക്കുകയും ചെയ്യുന്നതു് വലിയ സങ്കടമാണ്. അത്തരക്കാരാണ് ഈ വക വിഷമങ്ങളൊക്കെ വലിച്ചുവെക്കുന്നതു്. അതിനു കാരണം അവർക്കു ജനക്ഷേമത്തെ ബാധിക്കുന്ന പ്രധാന പ്രശ്നങ്ങളും അതിനുള്ള നിവാരണങ്ങളും 'തിരിയാത്തതു' കൊണ്ടല്ല; അവർക്കു വേണ്ടത്ര സന്നദ്ധതയില്ലാത്തതുകൊണ്ടാണെന്നു ഞാൻ വിചാരിക്കുന്നു. ജനങ്ങളെ ഭരിക്കുന്നതായ ഒരു ഭരണക്രൂടമല്ലാത്തതുകൊണ്ടാണ് അതിലെ ഉദ്യോഗസ്ഥന്മാരിൽ ചുമതലാബോധം ഇല്ലാതെ പോയതെന്നു ഞാൻ വിചാരിക്കുന്നു. വെറുതെ 'റസ്പാൺസിവു' ഗവമ്മെൻറാണെന്നു പറഞ്ഞു പെരുമ്പറയടിച്ചതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. ഒരു വലിയ ഭൂരിപക്ഷത്തിൻെറ രക്ഷയ്ക്കു് ഏറ്റവും ആവശ്യമായിരിക്കുന്ന ഈദൃശ സംഗതികളിൽ മറ്റു പല പരിഷ്കൃത രാജ്യങ്ങളിലും — യാഥാസ്ഥിതികങ്ങളായ മറ്റു പല രാജ്യങ്ങളിൽപോലും — ചെയ്യുന്നതിൻെറ മാതൃകയൻസരിച്ചു് ഇവിടേയും ചെയ്യണമെന്നു മാത്രമാണ് ഞങ്ങൾ ഗവൺമെൻറിനോടാവശ്യപ്പെടുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ഇനി എനിയ്ക്ക് ഇതിന്റെ പ്രത്യേകമായ ഒരു വശത്തെക്കുറിച്ച് ചില സംഗതികൾ പറയുവാനുണ്ട്. ഈയ്യിടെ ജനീവായിൽ വച്ചു കൂടിയ സുപ്രസിദ്ധമായ ഇൻറർനാഷ്ണൽ ലേബർ കാൺഫറൻസിൽ (സ്വരാജ്യവേലസംഘം) വേലയേയും കൂലിയേയും സംബന്ധിക്കുന്ന പല പ്രധാന പ്രശ്നങ്ങളെക്കുറിച്ചും വളരെ ദീർഘമായ വാദപ്രതിവാദങ്ങളും ആലോചനകളും നടക്കുകയുണ്ടായി. അതിന്റെ ഫലമായി അവർക്ക് ജോലിയുടെ സമയത്തെക്കുറിച്ച് പൊതുവായ ഒരു നിശ്ചയം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. അവരുടെ കണക്കപ്രകാരം വേലക്കാർ ആഴ്ചയിൽ 40 മണിക്കൂറിൽ കൂടുതലായി ജോലി ചെയ്യുവാൻ പാടില്ലെന്നുള്ള ഒരു നിശ്ചയം എല്ലാ ഗവമ്മെൻറുകളും നടപ്പാക്കണം. ഇവിടത്തെ കഥയോ! ഒന്നു ആകാശത്തിലാണെങ്കിൽ മറേറതു പാതാളത്തിൽ! മൂഷകന്മാർക്ക് എന്തു സമാധാനമാണു ഇതിനു പറവാനുള്ളതു്? ആഴ്ചയിൽ 40 മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യുവാൻ പാടില്ലെന്നുള്ള സ്വരാജ്യ വേലസംഘത്തിന്റെ ശുപാർശയും, ഇവിടത്തെ ദിവസത്തോരും പന്ത്രണ്ടും പതിമൂന്നും മണിക്കൂർ വേലചെയ്തു ഒന്നോ രണ്ടോ അണമാത്രം കൂലി കിട്ടുന്ന അവസ്ഥയും തമ്മിൽ താരതമ്യപ്പെടുത്തി നോക്കിയാൽ സ്വർഗ്ഗവും നരകവും തമ്മിലുള്ള വ്യത്യാസമുണ്ടെന്നു സ്പഷ്ടമായി മനസ്സിലാകും. വേലയുടെ മണിക്കൂറുകൾ കുറക്കുന്നതിനോടൊപ്പം വേലയില്ലായ്മയേയും കുറക്കുവാൻ സാധിക്കുമെന്ന ഒരു പ്രധാന കാര്യവും കൂടിയുണ്ട്. എങ്ങിനെയെന്നു കാണിക്കാം. ഇന്നു ഏതെങ്കിലും ഒരു ജോലി എടുത്തിട്ട് മണിക്കൂർവീതം വേലചെയ്യുന്ന നാലു വേലക്കാരെക്കൊണ്ടു ചെയ്തു തീർക്കുവാൻ സാധിക്കുമെന്ന് വിചാരിക്കുക; അതേ ജോലിക്കു നാലു മണിക്കൂറു വീതമേ ഒരു വേലക്കാരൻ പണി എടുക്കുവാൻ പാടുള്ളൂവെന്നു നിയമമുണ്ടായാൽ മുമ്പു പറഞ്ഞ നാലാളുടെ ജോലി എട്ടാൾക്കായി പകുത്തു കൊടുക്കുവാൻ കഴിയുന്നതാണല്ലോ. മുമ്പു് നാലാൾ മാത്രം ചെയ്തിരുന്ന ഒരു ജോലി സ്റ്റേററിന്റെ പരിപൂർണ്ണതയായ ഒരു നിയമംമൂലം എട്ടാളുടെ വയറുപിഴപ്പു നിർവ്വഹിക്കുവാൻ സാധിപ്പിക്കുന്നു. അന്യഭാഷയിൽ അതു മുമ്പു് തൊഴിലില്ലാതെ വലഞ്ഞിരുന്ന നാലുപേർക്കു പുതുതായി തൊഴിലുണ്ടാകുവാനുള്ള ഒരു നല്ല നിയമമാണു്. നമ്മുടെ നാട്ടിലെ ഭൂരിപക്ഷം ജനങ്ങളും തൊഴിലില്ലാത്തവരാണെന്നു് ഏറ്റവും അപൂർണ്ണമായ ഗവമ്മെൻറിന്റെ സെൻസസ്സു് റിപ്പോർട്ടപോലും വിലപിക്കുന്നു. ആ വിലാപത്തെ നിവൃത്തുവാൻ ഇപ്പോൾ ആലോചനയിലിരിക്കുന്ന തൊഴിൽ നിയമം സഹായിക്കയില്ലേ? ഭൂരിപക്ഷവും തൊഴിലില്ലാത്തവരായ ഒരു രാജ്യത്തിലാണു ആദ്യം ഇത്തരം നിയമങ്ങൾ നടപ്പാക്കേണ്ടതു്. അതു നടപ്പാക്കയില്ലെന്നു നിങ്ങൾ ഇങ്ങിനെ ശഠിക്കുന്നതു ഇവിടത്തെ വേലക്കാരും ജനങ്ങളും കൊള്ളരുതാത്തവരായതുകൊണ്ടാണു്. അവർ സ്വന്തം ശക്തിയെ അറിയാത്ത ആനയെപ്പോലെ ഉറങ്ങുന്നു. അവരൊന്നണർന്നാൽ നിങ്ങളുടെ പാപ്പാൻ സ്ഥാനവും അവസാനിക്കും. (ചിരി.) സ്നേഹവും അനുതാപവുമാണു് ഒരു ഭരണത്തിനു ഭദ്രനീയരേഖട്ടങ്ങൾകേണ്ടതു്. അതു നിങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ംക്കണ്ടായിരുന്നുവെങ്കിൽ ഈ പ്രസംഗത്തിന്റെ ആവശ്യം ഉണ്ടാകുമാ യിരുന്നില്ല. കത്തവ്യം നിവ്വഹിപ്പാനുള്ള സന്മനസ്സു നിങ്ങൾക്കു വല്ല പ്പോഴും പിടികിട്ടുമോ? ഇന്നുള്ള വേലക്കാർ ക്രമത്തിലധികം മണിക്കൂ റുകൾ വേലചെയ്യുവിഷമിയ്ക്കുന്നുവെന്ന സംഗതിയെ ഇല്ലാതാക്കുവാൻ വേണ്ടിയും പൊതുവായി ഈ നാട്ടിലെ തൊഴിലില്ലായ്മയെ പരിഹരി യ്ക്കുവാൻ വേണ്ടിയുമാണ് ഇപ്രകാരം തൊഴിലിന്റെ മണിക്കൂറുകളേ യും പ്രതിഫലത്തേയും നിശ്ചിതപ്പെടുത്തുന്ന ഒരു നിയമത്തിന്റെ ആ വശ്യമുണ്ടെന്നു ഞാൻ പറയുന്നതു്.

ക്രടാതെ, ഇതിൽ വേറെ ഒരു പ്രധാന സംഗതിയും അന്തർഭവി ച്ചിരിക്കുന്നു. വ്യവസായ വ്യാപാരങ്ങളൊന്നായും ഇപ്രകാരമുള്ള നിയ മാവലിയുടെ ആവിർഭാവത്തോടുക്രടി അഭിവൃദ്ധിപ്പെടുകയേ ഉള്ളൂവെ ന്നതിനു് ഇതിനു് പല ഉദാഹരണങ്ങളും നാം ഇന്നു കണ്ടുകൊണ്ടിരി യ്ക്കുന്നു. ലേബർ റായൽ കമ്മിഷന്റെ മുമ്പിൽ മില്ലുടമസ്ഥന്മാർ കൊ ടുത്തിട്ടുള്ള തെളിവുകളിൽപോലും പറയുന്നതു് വേലക്കാർ ചെയ്യുന്ന ജോലിസമയത്തെ നിയന്ത്രിച്ചു് വേലയില്ലാത്തവക്കുംക്രടി വേലയുണ്ടാ ക്കുവാൻ ശ്രമിയ്ക്കുന്നതു് വേലയുടെ പ്രാപ്തിയേയും വൈദഗ്ധ്യത്തേയും ആഴത്തേയും വർദ്ധിപ്പിക്കുമെന്നാണു്. വേലസമയത്തേയും ക്രൂലിനിരക്കി നേയും ക്ലിപ്തപ്പെടുത്തുന്നതിന്റെ ഫലം വേലക്കാക്കു മാത്രമല്ല, വേല ചെയ്യിപ്പിക്കുന്ന മില്ലുടമസ്ഥന്മാക്കും വ്യാവസായികരംക്കും ക്രടി അതു പ്രയോജനകരമാണെന്നു് ആ മില്ലുടമസ്ഥന്മാർ സമ്മതിച്ചു തെളിവു കൊടുത്തിട്ടുണ്ടു്. സമയത്തെ നിയന്ത്രിക്കുന്നതുപോലെതന്നെ ക്രൂലി നി രക്കിനേയും നിയന്ത്രിക്കുന്നതു് അപ്രായോഗികമാണെന്നു് ആക്കെക്കി ലും അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ അതു് പ്രായോഗികങ്ങളിൽവച്ചു് ഏറ്റവും പ്രായോഗികമായ ഒരു പ്രശ്നമാണെന്നു ഞാൻ അവരെ അ റിയിച്ചുകൊള്ളുന്നു. ഈ വ്യവസ്ഥ ഇന്നു് പല പരിഷ്കൃത രാജ്യങ്ങളിലും സാധിച്ചു കഴിഞ്ഞിരിയ്ക്കുന്നു. സകല കാര്യങ്ങളിലും നിങ്ങൾ മാതൃകയാ യി സ്വീകരിച്ചിട്ടുള്ള ബ്രിട്ടണിൽപോലും വളരെക്കാലമായി ഇപ്രകാരം ക്രൂലി നിരക്കിനെ സംബന്ധിച്ചും ചില നിയന്ത്രണങ്ങൾ നടത്തുന്നതാ യി എനിയ്ക്കറിയാം. ഇതു ഞാൻ എന്റെ തൽക്കാല കാര്യസാദ്ധ്യത്തി നുവേണ്ടി വെറും 'ഗ്യാസ്' അടിയ്ക്കുന്നതല്ല. ഇതിന്റെ പരമാർത്ഥത്തെ സ്ഥാപിക്കുവാൻ മാത്രം ഞാൻ ഈ എൻസൈക്ലോപ്പീടിയാ ബ്രിട്ടാനി ക്കായിൽനിന്നും രണ്ടു മൂന്നു വാക്യകം ഇവിടെ വായിയ്ക്കാം.

"Under the time work or (day work) system the worker's remuneration varies with the time which he actually spends on the employer's business. Thus carpenters and joiners in certain districts in the building industry in Great Britain have a time rate of 1 shilling 8 pence an hour and the majority of grades on the railways have time rates varying from 46 shillings per week upwards."

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.— ഇൻഡ്യാ രാജ്യത്തിൽ എവിടെ യെങ്കിലും ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ഇൻഡ്യാ രാജ്യത്തിൽ ഈവക പരിഷ്കരണങ്ങൾ വരുത്തുവാനാണ് ബഹുമാനപ്പെട്ട മെമ്പർ അടക്കമുള്ള നമ്മൾ ഇത്രയൊക്കെ പരിശ്രമിയ്ക്കുന്നത്. കൂലിയെ വളരെ ഖണ്ഡിതമായി വ്യവസ്ഥപ്പെടുത്തുന്ന ഒരു പുതിയ നിയമവും ഇന്ത്യാ ഗവൺമെണ്ടു നടപ്പാക്കുവാൻ പോകുന്നുണ്ട്.

ഇന്നു പല മുതലാളിമാരും അബദ്ധമായി ധരിച്ചുവച്ചിട്ടുള്ളതു് ചുരുങ്ങിയ കൂലി വേലക്കാർക്കു കൊടുത്തുകൊണ്ടിരുന്നാൽ കൂടുതൽ ആദായമുണ്ടാക്കാമെന്നാണ്. കൂടിയ മണിക്കൂറും ചുരുങ്ങിയ കൂലിയും വ്യവസായങ്ങളെ ഒന്നാകെ നശിപ്പിക്കുമെന്നു ക്രമേണ ആളുകൾക്കു ബോദ്ധ്യപ്പെട്ടുവരുന്നുണ്ട്. ഒരു മുതലാളി രാജ്യമായ അമേരിക്കയിൽപോലും കൂലി നിരക്കിനേയും വേലസമയത്തേയും വ്യവസ്ഥപ്പെടുത്തുന്ന നിയമങ്ങളുണ്ട്. ഈ വിഷയകമായ ബ്രിട്ടീഷിന്ത്യൻ നിയമങ്ങൾ വളരെ അപൂർണ്ണമെന്നു സമ്മതിക്കുന്നു. എന്നാലും കൊച്ചി ഗവൺമെൻറിനു തലചുറ്റുണ്ടാക്കുവാൻ മാത്രം അവിടെയുണ്ട്. ഇവിടത്തെ ഭരണത്തിനു പണക്കാരന്റെ വണ്ടി ഓടിക്കുവാൻ മാത്രമറിയാം! ഇന്ത്യൻ ലജിസ്ലേറ്റീവു് അസംബിളിയിൽ ഒരു ബിൽ ഇതിനെ സംബന്ധിച്ചു പാസാക്കീട്ടുണ്ട്. ആ ബില്ലിലെ നിശ്ചയപ്രകാരം ഒരു മണിക്കൂറിൽ കൂടുതലായ ജോലി വേലക്കാരെക്കൊണ്ടു ഒരാഴ്ചയിൽ ചെയ്യിക്കുന്നതു ശിക്ഷാർഹമാക്കിയിരിയ്ക്കുന്നു. ആ ബില്ലിനെപ്പറ്റി പ്രസംഗിക്കുന്ന മദ്ധ്യമിസ്റ്റർ 'മോഡി' നാട്ടരാജ്യങ്ങളിലെ മുതലാളിച്ചൂഷണങ്ങളുടെ കൂടുതലിനെ മൂണ്ടിക്കാണിക്കയും ബ്രിട്ടീഷിന്ത്യൻ നിയമത്തെ പിൻതുടരുവാൻ നാട്ടരാജ്യങ്ങളെ ഇന്ത്യാഗവൺമെൻറു നിർബന്ധിക്കേണ്ട ആവശ്യത്തെ സ്ഥാപിക്കുകയും ചെയ്തു. വ്യവസായ മെമ്പർ അപ്രകാരം നാട്ടരാജ്യങ്ങളെ പ്രേരിപ്പിക്കാമെന്നു ഏല്ക്കുകയും ഉണ്ടായി. ഈദൃശമായ ഒരു നിർബന്ധത്തിനു അടിപ്പെടുന്നതിനു മുമ്പായി ഏറ്റവും ന്യായമായ ഈ ക്രമീകരണത്തെ നമ്മുടെ ഗവൺമെൻറു സാമേധാ സാധിച്ചുവെന്നു വരുന്നതല്ലേ അവർക്കു മാനം? അടിമത്വത്തെ പഞ്ചസാരപ്പായസംപോലെ സേവിച്ചുകൊണ്ടിരിക്കുന്ന ഒരു വിദേശി ഗവൺമെൻറിനോടൊപ്പമെങ്കിലും പോകുവാൻ 'സ്വദേശി'യെന്നും 'റസ്പോൺസിവു' എന്നും നിങ്ങൾ ഘോഷിക്കുന്ന നിങ്ങളുടെ ഭരണത്തിനു സാധിക്കയില്ലേ എന്നാണു ഞാൻ ചോദിക്കുന്നതു്. ഈ പരിഷ്കരണത്തിനു അനുമതി നൽകുവാൻ പോരുന്നവിധം പൊതുജനാഭിപ്രായത്തിന്റെ കൽനമായ പ്രകടനവും ഇവിടെ നടന്നിട്ടുണ്ടു്; ജനക്ഷേമത്തെ അവരുടെ നിർബന്ധം മുറുകുന്നതിനു മുമ്പു മൻകൂട്ടിക്കാണുന്ന അബദ്ധം നിങ്ങൾക്കു വരാറില്ലല്ലോ. (ചിരി.) ഇപ്പോൾ തൃശ്ശൂരിലെ സീതാറാം നെയ്ത്തുകമ്പനിയിലും കൊച്ചിയിലെ ഡേബ്രേദേഴ്സ് കമ്പനിയിലും മോട്ടോർ ബോട്ടു സിൻഡിക്കേറ്റിലും അടിക്കടി നടന്ന സ്ട്രൈക്കുകളും തൊഴിൽ മുടക്കങ്ങളും എന്തിനേയാണു കാണിക്കുന്നതു്? ഇതിൽ കൂടുതലായ എന്തു പൊതുജനാഭിപ്രായമാണു നിങ്ങൾക്കു വേണ്ടതു്? ഇങ്ങിനെ ഈ തൊഴിൽ നിയമനിയന്ത്രീകരണം ഏറ്റവും പ്രാധാന്യമായ ഒരു സംഗതി

LIBRARY ARCHIVES Kerala Legislative Assembly

യാണെന്ന് ഞാൻ എന്റെ എളിയ ശക്തിയ്ക്കനുസരണം ഇവിടെ പറഞ്ഞുകഴിഞ്ഞു.

എന്നാൽ ഈ കാര്യത്തെക്കുറിച്ച് വേലക്കാരുടെ നേരിട്ടുള്ള പ്രതിനിധികൾ ഈ നിയമസഭയിൽ വന്നു പറഞ്ഞാൽ മാത്രമേ നിങ്ങൾക്കു പൂർണ്ണബോദ്ധ്യമാകയുള്ളൂ. ഇപ്പോൾ ഇവിടെ അപ്പുറത്തും ഇപ്പുറത്തും ഇരിയ്ക്കുന്ന മെമ്പറന്മാർ പണക്കാരുടെ പ്രതിനിധികളാണ്. ഇടയ്ക്ക് എന്നെപ്പോലെ ഒന്നോ രണ്ടോ പേർ നിലവിളിച്ചാൽ അവർ-നിർബാധം പാപ്പർലിസ്റ്റിൽ പെടുകയും ചെയ്യും. ഈ നാട്ടിലെ പൊതുജനാഭിപ്രായത്തെ മുഴുവൻ നാം പ്രതിനിധീകരിയ്ക്കുന്നില്ല. തൊഴിലാളികളുടെ കാര്യം പറവാൻ സാധിക്കാത്ത മൂലധനക്കാരുടെ സ്വാഭാവികതയെ ഞാൻ സമ്മതിക്കുന്നു; പക്ഷെ അവരുടെ ധർമ്മബോധത്തെ ശ്ലാഘിക്കുവാൻ എനിക്കു സാധിക്കുന്നില്ല. പാവപ്പെട്ട—കൊള്ളചെയ്യപ്പെടുന്ന—തൊഴിലാളികളുടെ കാര്യം പറയുന്നതിനുവേണ്ടി ഒന്നോ രണ്ടോ തൊഴിലാളി പ്രതിനിധികളെങ്കിലും ഈ നിയമസഭയിൽ ഉണ്ടാകണമെന്ന് അവർ സുസംഘടിതമായി ആവലാതിപ്പെട്ടിട്ടും അപേക്ഷിച്ചിട്ടും അതിനുവേണ്ടി യാതൊരേർപ്പാടും ചെയ്യാതെകണ്ടുള്ള ഒരു നിയമസഭാരൂപീകരണമാണല്ലോ ഇവിടെ ചെയ്തുവെച്ചിരിക്കുന്നത്. ഇവിടെ പണക്കാരുടെ കാര്യം പറയുവാൻ പലരും വളരെ ആവേശം കാണിക്കുന്നുണ്ട്. ഹൃദയഭേദകങ്ങളായ അവശതകൾ നിരന്തരം അനുഭവിച്ചുകൊണ്ടിരിയ്ക്കുന്ന പാവങ്ങളുടേയും തൊഴിലാളികളുടേയും കാര്യങ്ങൾ തത്തപറയുംപോലെ എണ്ണിപ്പറയുന്ന ഒരു കാലം ആസന്നമായിരിക്കുന്നുവെന്നു ഓർത്തുകൊൾകെ. സ്വാർത്ഥത്തിനും ഒരതിരുവേണം. പരോപകാരികളായ സ്നേഹിതന്മാരേ! തൊഴിലാളികളുടെ കാര്യം പറയുവാൻ അവരുടെ പ്രതിപുരുഷന്മാർ ഇവിടെ ഇല്ലെങ്കിൽ തന്നെയും നാം ഇവിടെ വന്നിട്ടുള്ളതു് നാട്ടുകാരുടെ പൊതുവായ രക്ഷയ്ക്കുവേണ്ടിയുള്ള കാര്യങ്ങൾ പറയുവാനാണെന്നുള്ള ബോധം നമ്മിലുണ്ടായിരിയ്ക്കുണ്ടതല്ലേ? ഒരു ന്യൂനപക്ഷക്കാരുടെ കാര്യം പറയുവാനല്ല; ബഹുഭൂരിപക്ഷം ജനങ്ങളായ തൊഴിലാളികളുടേയും തൊഴിലില്ലായ്മകൊണ്ട് അവശതകളനുഭവിയ്ക്കുന്ന മൂകലക്ഷങ്ങളുടേയും കാര്യം പറയുവാനാണ് നാം എല്ലാംഇവിടെ വന്നിരിയ്ക്കുന്നതെന്നുള്ള ധർമ്മബോധത്തോടുകൂടി നിങ്ങളെല്ലാവരും ഈ പ്രമേയത്തിനനുകൂലിച്ചു വോട്ടുചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മിസ്റ്റർ കെ. പി. വള്ളോൻ.— സർ, ഈ വക കാര്യങ്ങളിൽ കൂടുതൽ ബുദ്ധിമുട്ടനുഭവിക്കുന്നതു് എന്റെ സമുദായക്കാരാകുന്നു. ഇന്നു നിലവിലിരിയ്ക്കുന്ന സമ്പ്രദായം നോക്കുകയാണെങ്കിൽ സൂര്യോദയം മുതൽ അസ്തമനംവരെ എല്ലുമുറിയെ പണിചെയ്തു കിട്ടുന്ന കൂലിയും വാങ്ങിക്കൊണ്ടു് വല്ല കുടിലുകളുമുണ്ടെങ്കിൽ അതിൽചെന്നു് സ്വല്പം ആശ്വാസിയ്ക്കാമെന്നു വിചാരിച്ചു് വരുമ്പോൾ അവിടേയും ഒരു മുതലാളി കാവൽ നില്ക്കുന്നുണ്ടായിരിയ്ക്കും. അടുത്ത ദിവസത്തെ വേല കല്പിയ്ക്കുവാ

LIBRARY ARCHIVES Kerala Legislative Assembly

നോ അല്ലാത്തപക്ഷം രാത്രിയിൽതന്നെ വല്ല അത്യാവശ്യ ജോലികളും നിവ്വഹിയ്ക്കുവാനോ വേണ്ടിയായിരിയ്ക്കും അവർ അപ്രകാരംവന്നു നില്ക്കുന്നതു്. അവരുടെ കല്പനയ്ക്കു് എതിരായി ഈ സാധുക്കൾ എന്തെങ്കിലും പറഞ്ഞുപോയാൽ അയാളുടെ കഥ അതിനാലെ അവസാനിച്ചു എന്നു വേണം പറയുവാൻ. സാധുക്കളായ ഇക്കൂട്ടർ എത്രമാത്രം കഷ്ടപ്പാടുകൾ അനുഭവിയ്ക്കുന്നുണ്ടെന്നുള്ള സംഗതിയെക്കുറിച്ചു് ഞാൻ പറയാതെ തന്നെ ഗവൺമെൻറിനും ഇവിടെ വന്നിരിയ്ക്കുന്ന ജനപ്രതിനിധികൾക്കും നല്ലവണ്ണം അറിയാവുന്നതാണു്.

മിസ്റ്റർ എ. ഇ‌ച്ചരമേനോൻ.— സാധാരണ ഒരു കൃഷിയിൽ പണിയെടുക്കുന്ന ചെറുമക്കൾ ഇങ്ങിനെ ഒരു കായ്ത്തിൽ സങ്കടം പറയുമോ?

മിസ്റ്റർ കെ. പി. വള്ളോൻ.— ഈവക സങ്കടങ്ങൾ പറയുവാനുള്ള സാമർത്ഥ്യം അവക്കില്ല. ഒരുപക്ഷേ ഉണ്ടെങ്കിൽ തന്നെയും അവരേക്കൊണ്ടു് അതു പറയിയ്ക്കാതിരിക്കുവാനുള്ള ഒരു ശക്തി മറ്റേവശത്തുണ്ടായിരിയ്ക്കും. ഈവക കായ്ങ്ങളിൽ സാധുക്കളുടെ രക്തം ഊറ്റിക്കുടിക്കുന്ന കൂട്ടർ ഈ കായ്ത്തിനു എതിർക്കുമെന്നു ഞങ്ങൾക്കറിയാം. ഇന്നത്തെ തൊഴിലാളികളായ അധഃകൃതരുടെ നില നോക്കുകയാണെങ്കിൽ ജന്മികളുടെ മർദ്ദനങ്ങൾ ഏറെററാണു് അവർ ഈ തരത്തിലായിട്ടുള്ളതെന്നു മനസ്സിലാകും. ഈ സാധുക്കൾക്കു് ഒരു സമയത്തെങ്കിലും സ്വല്പം ആശ്വസിയ്ക്കുവാനുള്ള സൌകര്യം കൊടുക്കുന്നില്ലെങ്കിൽ അതിൽ പരം കഷ്ടം മറെറാന്നുമില്ലതന്നെ. ഞാൻ മുമ്പു പറഞ്ഞതുപോലെ സൂര്യോദയം മുതൽ അസ്തമനംവരെ കഷ്ടപ്പെട്ടു വേലചെയ്താലും രാത്രിയിലും കൂടി അവർ വേല ചെയ്യേണ്ടതായിട്ടാണിരിയ്ക്കുന്നതു്. അവക്കു മുതലാളിമാരുടെ കല്പന അനുസരിയ്ക്കാതെ നിവൃത്തിയില്ല. ആ സ്ഥിതിയ്ക്കു് ഗവൺമെൻറിൻെറ ഒരു നിയമംകൊണ്ടല്ലാതെ ഈ സാധുക്കളുടെ കഷ്ടപ്പാടുകൾക്കു് ഒരു മോചനം ലഭിയ്ക്കുകയില്ലെന്നാണു് എൻെറ അഭിപ്രായം.

അതുപോലെതന്നെ കൂലിയെ സംബന്ധിച്ചു പറയുകയാണെങ്കിൽ പത്തും പന്ത്രണ്ടും മണിക്കൂർ യാതൊരു ഇളവുമില്ലാതെ വേല ചെയ്യുന്ന സാധുക്കൾക്കു കിട്ടുന്ന കൂലി ഒന്നര ഇടങ്ങഴി നെല്ലായിരിയ്ക്കും. അവരുടെ കുടുംബത്തിൽ അഞ്ചോ ആറോ കുട്ടികളുണ്ടെങ്കിൽ ഈ ഒന്നര ഇടങ്ങഴി നെല്ലുകൊണ്ടു വേണം സാധുക്കൾക്കു കഴിച്ചുകൂട്ടുവാൻ. ഇവക്കു മനുഷ്യസഹജമായതെല്ലാം നടക്കണം. ഒരു നേരമെങ്കിലും വയറു നിറച്ചു കഞ്ഞികുടിച്ചിട്ടു മരിച്ചാൽ കൊള്ളാമെന്നു പറഞ്ഞിട്ടുള്ള സാധുക്കൾ ധാരാളമുണ്ടു്. ഈവക കായ്ങ്ങളിൽ നന്മനസ്സുള്ളവരായ നിങ്ങൾ ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും യോജിച്ചു് ഈ സാധുക്കളുടെ കഷ്ടപ്പാടുകൾക്കു് ഒരു പരിഹാരം ഉണ്ടാക്കിക്കൊടുത്തില്ലെങ്കിൽ അവരുടെ ജീവിതം ഇനിയും വലിയ കഷ്ടത്തിലാകുമെന്നുള്ളതിനു സംശയമില്ല. ധനസംബന്ധമായ കുഴപ്പങ്ങൾ അവരിലും പിടിപെട്ടിട്ടുണ്ടു്.

ഇപ്പോൾ ഗവൺമെൻറിൽനിന്നുതന്നെ അധഃകൃതരുടെ ഉന്നമനത്തിനായിട്ടു ധാരാളം സംഖ്യ കൊല്ലംതോറും നീക്കിവെയ്ക്കുന്നുണ്ടു്. അതു

LIBRARY ARCHIVES Kerala Legislative Assembly

ഏതു വിധമെങ്കിലും ചിലവുചെയ്യുന്നതുകൊണ്ടൊന്നും അവക്കു തലപൊ
ക്കുവാൻ നിവൃത്തിയുണ്ടാകുന്നതല്ല. അതുകൊണ്ട് ഈമാതിരിയുള്ള പ്ര
തിബന്ധങ്ങൾക്ക് ഒരു നിവാരണം ഉണ്ടാകണമെന്നുണ്ടെങ്കിൽ ഗവമ്മെ
ൻറിന്റെ ഒരു നിയമംകൊണ്ടല്ലാതെ ജനങ്ങൾ ഈ കാര്യത്തിലേപ്പെട്ട
ഒരു നിവാരണം ഉണ്ടാക്കി എന്നു വരികയില്ല. അതിനാൽ പ്രത്യേകിച്ചും
ഈ കാര്യത്തിന് ഒരു നിയമംകൊണ്ട് ഗവമ്മെൻറിൽനിന്നും ഈ സാ
ധുക്കളെ രക്ഷിയ്ക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ വിരമിയ്ക്കുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ.— സർ, ഗവമ്മെൻറിനു സ്വീകരിയ്ക്കുവാ
ൻ വളരെ പ്രയാസമുള്ള ഒരു പ്രമേയമാണിതു് എന്നുള്ള കാര്യത്തിൽ
ആക്ഷേപമുണ്ടായിരിയ്ക്കയില്ല. വേലക്കാർ എന്നു പറഞ്ഞാൽ
അതിൽ ഫാക്ടറി വേലക്കാർ മാത്രമല്ല അല്ലാതുള്ള വേലക്കാരുംകൂടി ഉ
ൾപ്പെടുന്നുണ്ടു്. ഫാക്ടറി വേലക്കാരെ സംബന്ധിക്കുന്ന ഒരു നിയമം ഇ
പ്പോൾ ഉണ്ടാക്കുന്നതിനു ഗവമ്മെൻറിനു മനസ്സുണ്ടെങ്കിൽ യാതൊരു
പ്രയാസവുമില്ല. എന്നാൽ മറ്റു വേലക്കാരുടെ സംഗതികളിൽ വേണ
മെന്നുണ്ടെങ്കിൽ നിയമമുണ്ടാക്കുവാൻ അസാദ്ധ്യമാണെന്നു അല്ല പറയു
ന്നതു്. എല്ലാ വശങ്ങളും ആലോചിച്ചു നോക്കുമ്പോൾ കുറെ പ്രയാ
സം ഉണ്ടെന്നേ പറയുന്നുള്ളൂ. എന്നാൽ ആ ഒരു കാരണവും പറഞ്ഞു
കൊണ്ടു് ഈ പ്രമേയത്തെ തള്ളിക്കളയരുതെന്നാണു് എനിയ്ക്കു പറയു
വാനുള്ളതു്. ഗവമ്മെൻറു ഈ വിഷയത്തിൽ എന്തെങ്കിലും ചെയ്യുവാ
നുദ്ദേശിച്ചിട്ടുണ്ടെങ്കിൽ — ഈ റസല്യൂഷനിൽ പറയുന്നതുപോലെത
ന്നെ ചെയ്യുവാൻ പ്രയാസമാണെന്നുണ്ടെങ്കിൽ — ഫാക്ടറി വേലക്കാരെ
മാത്രം സ്പർശിക്കുന്ന നിലയിലെങ്കിലും ഒരു നിയമമുണ്ടാക്കേണ്ടതാവശ്യമാ
ണു്. അതു് ഈ കൊച്ചീ രാജ്യത്തേയ്ക്കു പ്രത്യേകിച്ചും ആവശ്യമാണു്.

കഴിഞ്ഞ കൊല്ലം തൃശ്ശിവപേരൂർ മില്ലിൽ വലിയ വിഷമങ്ങളെ
ല്ലാമുണ്ടായി. അവസാനം ഗവമ്മെൻറു അതിൽ തലയിടേണ്ടിവന്നു
വെന്നാണു് എന്റെ ഓർമ്മ. അങ്ങിനെയുള്ള സംഭവങ്ങൾ ക്രൂടക്കൂടെ
വരാതിരിയ്ക്കണമെന്നുണ്ടെങ്കിൽ ഇപ്രകാരമൊരു ലജിസ്ലേഷന്റെ ആവ
ശ്യമുണ്ടു്. അല്ലാത്തപക്ഷം വേലസമയവും ക്രൂലിയും സംബന്ധിയ്ക്കുന്ന
കാര്യത്തിൽ വേലക്കാരും മുതലാളിമാരും തമ്മിൽ ഉണ്ടാകുന്ന അനാവ
ശ്യമായ തർക്കങ്ങളെ തടയുവാൻ ഗവമ്മെൻറിനു സാധിയ്ക്കുകയില്ല. ഗ
വമ്മെൻറിന്റെ സൗകര്യത്തിനും, വേലക്കാരുടെ രക്ഷയ്ക്കും, വേലക്കാ
രെക്കൊണ്ടു വേലചെയ്യിക്കുന്ന മുതലാളിമാരുടെ തന്നെ ഗുണത്തിനും
ഈ മാതിരി ചില നിയമങ്ങൾ ആവശ്യമാണെന്നു് എല്ലാ പരിഷ്കൃത ഗ
വമ്മെൻറുകളും സമ്മതിച്ചു കഴിഞ്ഞിട്ടുണ്ടു്. ഇപ്പോൾ ഇവിടെ അവ
തരിപ്പിച്ചിട്ടുള്ള ഈ നിശ്ചയത്തിൽ ആവശ്യപ്പെട്ടുന്നിടത്തോളം മാത്രമ
ല്ല ചില രാജ്യങ്ങളിൽ അവിടെയുള്ള ഗവമ്മെൻറുകൾ സ്വീകരിച്ചിട്ടു
ള്ളതു്. സോഷ്യലിഷ പ്രസ്ഥാനത്തെ എതിർക്കുന്ന ഗവമ്മെൻറുകൾ ത
ന്നെയും ഈവക നിയന്ത്രണങ്ങൾ ആവശ്യമാണെന്നും വ്യവസായങ്ങൾ
കൂടിയും ഗവമ്മെൻറിൽനിന്നും നിയന്ത്രിയ്ക്കേണ്ടതാണെന്നും ഉള്ള ഈ ത

LIBRARY ARCHIVES Kerala Legislative Assembly

തപം നടപ്പിൽവരുത്തിയിരിക്കുന്നു. ആ തത്വങ്ങളെല്ലാം ഇവിടെ വരുത്തണമെന്നുണ്ടെങ്കിൽ അവിടെ ഉണ്ടായിട്ടുള്ള വിഷമങ്ങളെല്ലാം ഇവിടേയും ഉണ്ടാക്കിത്തീർത്തതിനു ശേഷമേ പാടുള്ളൂ എന്നു വയ്ക്കുന്നതു് അനാവശ്യമായിരിയ്ക്കും. മറ്റു പല രാജ്യങ്ങളിലും വലിയ വിഷമങ്ങളുണ്ടാക്കിത്തീർത്ത മുതലാളി തൊഴിലാളി പ്രശ്നം ഇവിടെ നേരിട്ടില്ല എന്നുവെക്കുന്നതു ശരിയല്ല. അവിടങ്ങളിലെ വിഷമങ്ങൾ ഇവിടെയും വരും. അതുകൊണ്ടു് ഈമാതിരിയുള്ള "ഒട്ടകപ്പക്ഷി നയം" അല്ല നമ്മുടെ ഗവ മ്മെന്റടക്കേണ്ടതു്. (ഹിയർ, ഹിയർ.) പ്രയാസങ്ങൾ കണ്ടുപിടിച്ചാൽ മാത്രം പോരാ; ആ പ്രയാസങ്ങളെ തരണംചെയ്യുവാൻകൂടി സാധിയ്ക്കത്തക്ക നിലയിൽ പ്രയോഗികമായുള്ള വശങ്ങളെ ഗവമ്മെൻറു സ്വീകരിയ്ക്കണം. ഫാക്ടറിവേലക്കാരെ സംബന്ധിച്ചിടത്തോളം ഗവമ്മെൻറു തീച്ചയായും ഒരു നിയമമുണ്ടാക്കേണ്ടതാണു്. ഫാക്ടറി വേലയെ സംബന്ധിയ്ക്കുന്ന ഏതോ ചില നിയമങ്ങൾ ഇപ്പോൾതന്നെയുണ്ടു്. എന്നാൽ അതുപ്രകാരമുള്ള സമയക്ലിപ്തം പോരാ. അതിൽ ക്ലാർക്കു ഒരു ക്ലിപ്തമില്ല. അതുകൊണ്ടു് ഗവമ്മെൻറിൽനിന്നും ഈ നിശ്ചയത്തെ സ്വീകരിച്ചു് ഇതിലെ പ്രയോഗിക വശങ്ങൾക്കു മാത്രമെങ്കിലും ഒരു ലജിസ്ലേഷൻ ഉണ്ടാക്കേണ്ടതാണെന്നു ഞാനും അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മിസ്റ്റർ പി. എസ്സ്. കേശവൻ നമ്പൂതിരി.— ഞാനും ഈ പ്രമേയത്തെ അനുകൂലിയ്ക്കുന്നു. കൃഷി പ്രവൃത്തിക്കാരെ സംബന്ധിച്ചിടത്തോളം ഗവമ്മെൻറിന്റെ ആലോചന തീരെയില്ലെന്നോ, ഉണ്ടെന്നോ പലരും പറയുമായിരിയ്ക്കാം. എന്നാൽ പ്രകൃതിതന്നെ ആ വിഷയത്തിൽ ഏതാനും ഭേദങ്ങൾ ചെയ്തുകോടുത്തിട്ടുണ്ടു്. സാധാരണമായി ക്ലാർക്കാർ ഏതെങ്കിലും വേലയ്ക്കുപോയാൽ അവക്കു് ഏഴെട്ടു മണിക്കൂർ നേരത്തേയ്ക്കു വേലയുണ്ടായിരിയ്ക്കും. വേല കഴിഞ്ഞാൽ സന്ധ്യയ്ക്കു മുമ്പെ—അഞ്ചു മണിയോടുകൂടി—വീട്ടിലേയ്ക്കു പോകാം. ഇടയ്ക്കു ഉച്ചയ്ക്കും പോകുവാനുള്ള സൗകര്യമുണ്ടു്. നാട്ടുപുറങ്ങളിലുള്ള ക്ലാർക്കാരെ സംബന്ധിച്ചിടത്തോളം വലിയ അതിക്രമങ്ങളൊന്നും കാണുന്നില്ല. ക്രമേണ ഇപ്പോൾ കാളനികളും മറ്റും ഏർപ്പെടുത്തീട്ടുള്ളതുകൊണ്ടു് പുലയക്കും മറ്റും ഉണ്ടായിക്കൊണ്ടിരുന്ന മുടിമുട്ടുകളും ആവലാതികളും വളരെ കുറഞ്ഞിട്ടുണ്ടു്. അവക്കു് പ്രവൃത്തികളും ധാരാളം കിട്ടിവരുന്നുണ്ടു്. ക്ലാർക്കും ശരിയായി കിട്ടിവരുന്നുണ്ടു്. എന്നു മാത്രമല്ല അധികമാളുകളും നാട്ടുപുറങ്ങളിൽ നിന്നും പട്ടണങ്ങളിൽപോയി വേലചെയ്തു വരുന്നുണ്ടു്. അതുകൊണ്ടു് അവിടെ ക്ലാർക്കരുടെ എണ്ണവും വളരെ ചുരുക്കമാണു്. പട്ടണങ്ങളിലാണു് ക്ലാർക്കാർ വർദ്ധിച്ചുവരുന്നതു്. ഇപ്പോൾ ഇലക്ട്രിക് പ്രയോഗവും മറ്റുംകൊണ്ടു രാത്രിയെ പകൽ ആക്കുവാൻകൂടി സാധിച്ചുവരുന്നതിനാൽ അധികംപേർക്കും തൊഴിലില്ലാതായിട്ടുണ്ടു്. ഓരിദ്ര്യംകൊണ്ടു കഷ്ടപ്പെടുന്ന ക്ലാർക്കാർ ചുരുങ്ങിയ ക്ലാർക്കിട്ടുന്നതുകൊണ്ടു് ചില കമ്പനികളിൽപോയി രാത്രിയിലും പണിയെടുത്തുവരുന്നുണ്ടു്. അങ്ങിനെയുള്ള പല കമ്പനികളും ഈ കൊച്ചീ

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്തു നടക്കുന്നുണ്ട്. അപ്രകാരം കമ്പനികളിൽ ജോലിചെയ്യുന്ന ആളുകൾക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള സമയത്തിനും ക്രമീകരണം ഒരു നിയന്ത്രണംവരുത്തേണ്ടതത്യാവശ്യമാണ്. അതുകൊണ്ട് ഈ വിഷയത്തിൽ ഗവൺമെൻറിൽനിന്നും വേണ്ടപോലെ നിഷ്കൃഷ്ടവും ആവശ്യമുള്ള നിയമങ്ങളുണ്ടാക്കേണ്ടതാണെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

മിസ്റ്റർ ടി. കെ. നായർ.— സർ, ഈ പ്രമേയം ഇവിടെ അവതരിപ്പിച്ച സമയത്തു് അവതാരകൻ ചെയ്ത പ്രസംഗത്തിൽ നിന്നും എനിയ്ക്കു മനസ്സിലായതു് ഒര് മണിക്രൂർ ജോലി സമയമാക്കേണ്ട ആവശ്യമുണ്ടെന്നാണു്. അതായതു് ദിവസവും ൻ മണിക്രൂർ വീതം "വക്കിംഗ് ടയിം" ആക്കണമെന്നാണു് ഞാൻ അദ്ദേഹത്തിൻെറ പ്രസംഗത്തിൽനിന്നും മനസ്സിലാക്കിയതു്. ഇന്നു് ന്യൂ മണിക്രൂർ സമയം ജോലിചെയ്യണമെന്നാണു് വച്ചിരിയ്ക്കുന്നതു്. അപ്പോൾ ദിവസമൊന്നുക്കു പത്തു മണിക്രൂർ വീതം വേലചെയ്യേണ്ടിവരുന്നു. ഇപ്പോൾ അവതാരകൻ പറഞ്ഞതും ഇതുമായിട്ടു നോക്കിയാൽ ഒരു മണിക്രൂർ വ്യത്യാസമേയുള്ളൂ. ആ ഒരു വ്യത്യാസം വയ്ക്കരുതെന്നാണു് അദ്ദേഹം പറയുന്നതെങ്കിൽ അതു സ്വീകരിയ്ക്കുവാൻ ഗവൺമെൻറിനു് എളുപ്പമുണ്ടു്.

പിന്നെ മണിക്രൂറനുസരിച്ചു ക്രമീ നിശ്ചയിയ്ക്കണമെന്നുള്ള സംഗതിയെക്കുറിച്ചു പറയുകയുണ്ടായി. ഇംഗ്ലണ്ടിലും അമേരിയ്ക്കയിലും മറും അങ്ങിനെ ചെയ്യുന്നുണ്ടെങ്കിൽ അവിടെയുള്ള ക്രമീക്കാരെപോലെയാണോ ഇവിടത്തെ ക്രമീക്കാർ എന്നുള്ള കാര്യം ആലോചിയ്ക്കണം. കൊച്ചീ രാജ്യത്തെ ക്രമീക്കാർ അവിടെയുള്ളവരെപോലെയാണെന്നുണ്ടെങ്കിൽ ആ രീതി ഇവിടെ സ്വീകരിയ്ക്കുവാൻ വിരോധമില്ല. ഇവിടത്തെ ഫാക്ടറികളിൽ ഇങ്ങിനെ ഒരു നിയമം പാസാക്കിയാൽ തന്നെയും പണക്കാക്കില്ലാതെ നാട്ടുപുറങ്ങളിലുള്ളവരായ ഞങ്ങളെപോലുള്ളവർക്കു് അതു സാധിയ്ക്കുമോ എന്നുള്ള കാര്യംകൂടി ആലോചിയ്ക്കണം. എന്നാൽ ഒര് മണിക്രൂറാക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട അധ്യക്ഷത പ്രതിനിധി പറഞ്ഞതുപോലെ രക്തം ഊറ്റിക്കുടിയ്ക്കുന്ന ഞങ്ങളെപോലുള്ളവക്കൊക്കെ രക്ഷയുണ്ടു്. ഇപ്രകാരമുള്ള പ്രായോഗികമായ സംഗതികളിൽ എന്തെങ്കിലും സഹായംചെയ്യുകൊടുക്കുന്നതുകൊണ്ടു വിരോധമില്ല. പക്ഷെ ഈ ഒരു സഹായം അവക്കു സഹായമായിരിയ്ക്കുന്നുണ്ടോ ഇല്ലയോ എന്നുള്ള കാര്യം പ്രത്യേകിച്ചു് ആലോചിയ്ക്കേണ്ടതാണു്. ഇപ്പോൾ ഇവിടെയുള്ള ക്രമീക്കാർ അനുഭവിച്ചുവരുന്ന സങ്കടങ്ങളെമാത്രം അദ്ദേഹം പറഞ്ഞുവെന്നല്ലാതെ ഈ കൗൺസിലിൻെറ മുമ്പാകെ ആലോചനയിലിരിയ്ക്കുന്ന പ്രമേയത്തിലെ രണ്ടു വിഷയങ്ങളെപറ്റി പറഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ അദ്ദേഹം ഈ കാര്യത്തെപ്പറ്റി ഗാഢമായിട്ടു ചിന്തിച്ചിട്ടില്ലെന്നാണു് എനിയ്ക്കു തോന്നുന്നതു്. ആ സ്ഥിതിയ്ക്കു് ഈ പ്രമേയത്തിൻെറ അവതാരകൻ ആവശ്യപ്പെട്ടതുപോലെ ചെയ്താൽ ഇന്നുള്ള നിലയിൽനിന്നും ഒരു വലിയ ദ്രോഹം ചെയ്തതായി

LIBRARY ARCHIVES Kerala Legislative Assembly

വരും. വേലസമയം ൪ മണിക്കൂറാക്കിയാൽ ബഹുമാനപ്പെട്ട മെമ്പ ക്ക് തൃപ്തിയായോ?

മിസ്റ്റർ കെ. എം. ഇബ്രാഹിം.— തൃപ്തിയാകയില്ല.

മിസ്റ്റർ ടി. കെ. നായർ.— മെമ്പർ ഇവിടെ പറഞ്ഞത് ൪ മ ണിക്കൂറാക്കണമെന്നാണ്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ൮ മണിക്കൂർ എന്നുകൂടി അ തിനിടയ്ക്ക ഞാൻ പറഞ്ഞിട്ടുണ്ട്.

മിസ്റ്റർ ടി. കെ. നായർ.— ഇപ്പോൾ ജോലിചെയ്യുവരുന്നതി ന്റെ രീതി മാറ്റി പകുതി സമയം ചിലരും, മറ്റു പകുതി സമയം വേറെ ചിലരും വേലചെയ്താൽ തൊഴിലില്ലായ്മയെ പരിഹരിയ്ക്കുവാൻ അതൊരു മാർഗ്ഗമായി എന്ന് അദ്ദേഹം ഇവിടെ പറഞ്ഞു. ഈ കൊ ച്ചീ രാജ്യത്തുള്ള മില്ലുകളിൽ പൊതുവായ ഒരു നിയമം ഇപ്പോഴും നട ത്തിവരുന്നുണ്ട്. എങ്കിലും ദിവസമൊന്നുക്ക് ൭ മണിക്കൂർ വീതം ൩ ദി വസത്തേയ്ക്ക് ൩×൭=൨൧ മണിക്കൂറാക്കി കുറച്ചുവെന്നതന്നെ വിചാരി യ്ക്കുക. അങ്ങിനെ കുറച്ചാൽ ആ അഞ്ചുമണിക്കൂറിനു കൊടുക്കുന്ന കൂ ലികൊണ്ട് വേലക്കാർ തൃപ്തിപ്പെടുമോ എന്ന് ബഹുമാനപ്പെട്ട മെമ്പർ അന്വേഷിയ്ക്കുകയുണ്ടായോ? ഇന്നത്തെ കൊച്ചീ രാജ്യത്തിലെ മില്ലുടമ സ്ഥന്മാരുടേയും തൊഴിലാളികളുടേയും ധനസ്ഥിതിയെക്കുറിച്ചു ചിന്തി ച്ചു, വ്യവസായങ്ങളുടെ ദുർഘോഷങ്ങളെപറ്റി നല്ലവണ്ണം ആലോചി ച്ചു വേലക്കാക്ക് ന്യായമായ ഒരു നിരക്ക് ഗവമ്മെൻറിൽനിന്നും നിശ്ച യിക്കുന്നപക്ഷം അതുകൊണ്ട് അവർ തൃപ്തിപ്പെടുമോ എന്നുള്ള കാ ര്യം ഒന്നാമതായിട്ടാലോചിയ്ക്കണം. പകൽ ൧൦ മണിക്കൂർ പണിയെടു ത്ത ഒരുത്തൻ രാത്രിയിലും ൪ മണിക്കൂർകൂടി പണിയെടുക്കാമെന്നു പറ ഞ്ഞുവരുന്ന കാലമാണിതു്. അങ്ങിനെ പണിയെടുക്കുന്നവക്ക് $1\frac{1}{2}$ അ ണയും ൨ ണ. യും മറും കൂലി കൊടുത്താൽ അവർ തൃപ്തിപ്പെട്ട പോ കുമോ? ഇംഗ്ലണ്ടിൽ ൧ മണിക്കൂർ ഒരുത്തൻ പണിയെടുത്താൽ കിട്ടുന്ന കൂലി $5 \times \frac{3}{4} = 3\frac{3}{4}$ രൂപായാണ്. മണിക്കൂറിനു ൧൦ ണ. പ്രകാരം അവിടെ കൊടുക്കുന്നു. എന്നാൽ നമ്മുടെ കായ്ത്തിൽ അങ്ങിനെ ചെ യ്യുവാൻ സാദ്ധ്യപ്പെടുമോ എന്നു നോക്കണം. ഇതിനെല്ലാം ഒരു മിനി മം വേജസ് — ഏറ്റവും കുറഞ്ഞ കൂലിനിരക്ക് — നിശ്ചയിക്കേ ണ്ടതാണെന്നുള്ളതിൽ എനിയ്ക്കഭിപ്രായവ്യത്യാസമില്ല. ബ്രിട്ടണിലും മ റ്റുമുള്ളതുപോലെ ഉടനെ നിശ്ചയിച്ചാൽ അതു പ്രായോഗികമാകു മോ എന്ന് എനിയ്ക്കറിഞ്ഞുകൂടാ. അതുകൊണ്ട് ഇതു നിയമമാക്കണ മെന്ന് ആരുടെ ആവശ്യാർത്ഥം ഇവിടെ പ്രസംഗിയ്ക്കുന്നുവോ അവർക്ക തന്നെ ഇതു് ഉപദ്രവമായി തീരുമെന്നാണ് എന്റെ അഭിപ്രായം. ഇതിനെപറ്റിയെല്ലാം ഗവമ്മെൻറു ഗാഢമായി ചിന്തിച്ചു ചുരുങ്ങിയ കൂലിയാണു വേണ്ടതെന്നു തോന്നുന്നപക്ഷം അതു നിശ്ചയിയ്ക്കണം. മറ്റുള്ളതെല്ലാം നടപ്പിൽവരുത്തുവാൻ ഗവമ്മെൻറിനു പ്രയാസമില്ല. അതുപോലെ നാട്ടുപുറങ്ങളിലെല്ലാം മൂന്നണയിൽ കുറഞ്ഞ കൂലി കൊ

LIBRARY ARCHIVES Kerala Legislative Assembly

ടുക്കരുതെന്നു പറഞ്ഞു. അതു നടപ്പിൽ വരുത്തണമെന്നു വിചാരിച്ചാൽ സാധിയ്ക്കുമെങ്കിലും എന്റെ അഭിപ്രായത്തിൽ അതു് ഈ അടുത്ത കാലത്തെങ്ങും സാധിയ്ക്കുമെന്നു തോന്നുന്നില്ല. ഇപ്പോൾ കമ്പനികളിൽ സ്വീകരിച്ചിട്ടുള്ള നിരക്കിൽ വല്ല ഗുണവുമുണ്ടെങ്കിൽ അതു വ്യത്യാസപ്പെടുത്തീട്ടു കാര്യമില്ല. പത്തു മണിക്കൂർ എന്നുള്ളതു വേണമെങ്കിൽ ഒൻപതു മണിക്കൂറാക്കാമെന്നല്ലാതെ മണിക്കൂറനുസരിച്ചുള്ള കൂലി നിരക്കുവയ്ക്കുന്ന കാര്യം ഈ കൊച്ചീ രാജ്യത്തു സാധിയ്ക്കുമെന്നു് എനിയ്ക്കു തോന്നുന്നില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.— സർ, ഇങ്ങിനെയുള്ള കാര്യങ്ങളിൽ ഈ ഭാഗത്തുനിന്നും ഒരു ബില്ലുതന്നെ കൊണ്ടുവരുവാൻ വിരോധമില്ല എന്നു് ഗവമ്മെൻറു് സൂത്രത്തിൽ പറയുകയുണ്ടായി. എന്നാൽ അങ്ങിനെ ഒരു ബിൽ ആ ഭാഗത്തുനിന്നുതന്നെ കൊണ്ടുവരണമെന്നാണു് എന്റെ അഭിപ്രായം. ഇങ്ങിനെ ഒരു ബില്ലു കൊണ്ടുവരണമെന്നു ഗവമ്മെൻറു ഭാഗത്തുനിന്നും മുമ്പടി പറഞ്ഞതുകൊണ്ടുതന്നെ ഇതു ഗവമ്മെൻറിനു സ്വീകരിയ്ക്കുവാനുള്ള വിഷമങ്ങൾ എത്രത്തോളമുണ്ടെന്നു മനസ്സിലാക്കാം.

നമ്മുടെ ഇൻഡ്യാ രാജ്യം ഒരു സ്വതന്ത്രരാജ്യമല്ല. ഇപ്പോൾ തുണിച്ചരക്കുകളെപ്പറ്റി പറയുകയാണെങ്കിൽ ഡ്യൂട്ടിവച്ചിട്ടുംകൂടി ജപ്പാൻ ചരക്കു് ഇവിടെ കൊണ്ടുവന്നു ചിലവുചെയ്തു് നമ്മുടെ ചരക്കിന്റെ അഭിവൃദ്ധിയെ താഴ്ത്തി അവരുടെ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുവാൻ അവർക്കു സാധിക്കുന്നു. ഇപ്പോഴത്തെ സ്ഥിതിയിൽ നമ്മുടെ നാട്ടിൽ കൂലി കൂട്ടികൊടുക്കണമെന്നു പറഞ്ഞാൽ അതു സാദ്ധ്യപ്പെടുമെന്നു് എനിയ്ക്കും തോന്നുന്നില്ല. "വേജസ്" കൂട്ടണമെന്നു പറഞ്ഞതുകൊണ്ടു് ഇപ്പോഴുള്ളതിൽ കൂടുതലായി കൊടുക്കണമെന്നു തീച്ചയാക്കുന്നപക്ഷം ഈ നാട്ടിലെ മില്ലുകളെല്ലാം തന്നെ പൂട്ടേണ്ടതായിവരും. മാത്രമല്ല ഇപ്പോൾ തൊഴിലുള്ളവർക്കുംകൂടി കുറെയ്ക്കു കുറെയ്ക്കായി തൊഴിലില്ലാതെ വരും. കൂലിക്കാർക്കു കൂലി കൂടുതൽ കൊടുക്കണമെന്നുള്ള കാര്യത്തിൽ എനിയ്ക്കു വളരെ സന്തോഷമാണു്; യാതൊരു വിരോധവുമില്ല. എന്നാൽ അതുകൊണ്ടു വേറെ പല ദോഷങ്ങളും വരുമെന്നുള്ളതുകൂടി പ്രത്യേകം ആലോചിയ്ക്കേണ്ടതാണു്.

പിന്നെ മണിക്കൂറിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ അതിനു് ഇപ്പോൾതന്നെ ചില നിയമങ്ങളെല്ലാം ഉണ്ടു്. അതിനെ ശരിയായി അനുസരിയ്ക്കുകയല്ലാതെ അതിലേയ്ക്കു പുതിയ നിയമങ്ങളൊന്നും ഉണ്ടാക്കേണ്ട ആവശ്യമില്ലെന്നാണു് എന്റെ അഭിപ്രായം. അതുകൊണ്ടു് ഈ സംഗതി വളരെ ഗൌരവമായി ആലോചിച്ചുവേണം ചെയ്യുവാൻ.

Rama Varmha Tampuran.—Sir, I think as one of the Hon'ble Members on the other side spoke, that under the present day conditions in the State, it will not be possible to enforce

LIBRARY ARCHIVES Kerala Legislative Assembly

very strict rules with regard to the conditions of labour in general, except perhaps in the factories. It would be rather impracticable, the Government think, to extend them widely to the agricultural labourers. Where there is organised labour and where there are chances of abuse of labour as in the factories, it is possible and it is desirable that there should be restrictions and that the hours of work should be controlled. In the State, there is the Factories Regulation. That was enacted in 1083 and there is an urgent proposal to amend that Regulation and take in all the later amendments that have been brought into effect in British India. That proposal is under scrutiny and the Government will make all possible efforts to introduce that bill at the earliest possible date. In the Regulation that is in force at present in the State, I find hours are restricted so far as work from women and children is concerned. With regard to the working hours for men, I do not find any special restriction on the subject.

As regards the minimum wages, I do not think that there is any such rule even in the United Kingdom. The quotation that the Hon'ble Member read out does not very much convince me on the point. He first read the sentence that the wages vary with the hours of work. The second sentence was that there is a time rate and that rate was 1 sh. 2 d. for one trade and 1 s. 9 d. for another trade and so on. I think that that is the average rate worked out by statisticians rather than the rates insisted by Statute. I honestly think so. If it is not so, the Hon'ble Member may enlighten me on the point. I have not yet heard of any Regulation fixing a minimum wage for any trade in the United Kingdom. Of course, regarding the wages of any particular trade in the western countries, there is not so much of arbitration or so much is not left to the discretion of the employers as is done in the eastern countries like India, Burma, China and Japan where labour is cheap ; because in the western countries labour is organised and they make their presence felt much more than they can do it here. They have got strong trade unions and they are able to dictate terms, so that wages are fixed with regard to profits and the general trend of the trade in such a way that it does not affect adversely very much either the employer or the employed. I can very well understand that there wages are fixed on a much more rational basis, or on a much more reasonable basis than here. I do not think however that there is anything like a minimum wages bill in the United Kingdom. Anyhow, the statement read out by the Hon'ble Member does not convince me in the least. In the light of these facts, I do not think it is possible in the least to introduce any

LIBRARY ARCHIVES Kerala Legislative Assembly

such provision in our Regulation, because it is obvious that the wages have to depend upon so many other factors over which the Government or the people here have no control. And in the absence of those, it is very doubtful whether any provision is possible with regard to minimum wages in respect of any particular trade. These are the main points which the Government have to urge in considering this proposal. We will take up the question in right earnest when the Factories Regulation Bill is introduced and whatever is possible to alleviate the condition of labour in the factories will be done.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— സർ, മണിക്കൂറിനു കൂലി എന്നുള്ള നിശ്ചയം ഗ്രേറ്റ്ബ്രിട്ടണിൽ നടപ്പുള്ളതായിട്ടാണു് എന്റെ അറിവു. പ്രബലമായി നടപ്പുള്ള ഒരു വിഷയമായതുകൊണ്ടു നിയമത്തിന്റെ നിബ്ബന്ധം അവിടെ വേണ്ടിവന്നില്ലായിരിക്കാം എന്നു മാത്രമാണു് ബഹുമാനപ്പെട്ട സിക്കുട്ടറിയുടെ ഈ വാദത്തിനുള്ള എന്റെ സമാധാനം. കൂലി നിരക്കിനെ വ്യവസ്ഥപ്പെടുത്തുന്ന നിയമങ്ങൾ നടക്കുന്ന പല പരിഷ്കൃത രാജ്യങ്ങളും ഗ്രേറ്റ്ബ്രിട്ടനേക്കൂടാതെയുമുണ്ടു്. അമേരിക്കാ, ജർമ്മനി മുതലായ പല പരിഷ്കൃത രാജ്യങ്ങളും എത്ര കർശനങ്ങളായ വ്യവസ്ഥകളാണു് ഈ കാര്യത്തിൽ ചെയ്തിട്ടുള്ളതു്. മാതൃകകളുടെ കുറവാണോ കൊച്ചി ഗവർമ്മെൻറിനെ വിഷമിപ്പിക്കുന്നതു്? നല്ല കാര്യങ്ങൾചെയ്യാതിരിക്കാനുള്ള പ്രമാണങ്ങളെയല്ലാതെ നിങ്ങൾ എപ്പോഴെങ്കിലും പുറവും മാറൊലിക്കൊള്ളുന്ന മാതൃകകളെ ഇവിടെ എടുത്തു കാണിക്കയുണ്ടായിട്ടുണ്ടോ? നിങ്ങളുടെ ശബ്ദം ഒരു പൈ കുറക്കാതെ കീശയിലാക്കണമെന്ന ഏക സംഗതിക്കല്ലാതെ മറേറതെങ്കിലും ജനക്ഷേമപരമായ വിഷയത്തിൽ അല്പമെങ്കിലും നിർബന്ധബുദ്ധി കാണിപ്പാനുള്ള നിർഭാഗ്യം നിങ്ങളെ വല്ലപ്പോഴും ബാധിച്ചിട്ടുണ്ടോ? (ചിരി) ഉദ്യോഗസ്ഥന്മാരെ നിയമിക്കുക, മാറുക, അവധി കൊടുക്കുക, ഗസറ്റ് പ്രസിദ്ധം ചെയ്യുക മുതലായ ചടങ്ങുകളെ ഒരു യന്ത്രമെന്നോണം ചെയ്യാനല്ലാതെ നിങ്ങൾക്കു വല്ലതും അറിയാമോ? ഫാക്ടറിയെ ബാധിയ്ക്കുന്ന നിയമങ്ങൾ മാത്രം ഗവർമ്മെൻറിൽനിന്നും ഈ പ്രമേയത്തെ അനുസരിച്ചു കൊണ്ടുവന്നാൽ മതിയാകയില്ലേ എന്നൊരു സംശയം കേട്ടു. ഗ്രാമപ്രദേശങ്ങളിൽ വ്യവസായ ശാലകളിലേപ്പോലെ നിശ്ചിതവും കർശനവുമായ നിയമം അപ്രായോഗികമായിരിയ്ക്കുമെന്നുള്ള ആക്ഷേപം ഞാൻ സമ്മതിയ്ക്കുന്നു. ഗ്രാമപ്രദേശങ്ങൾക്കും വ്യവസായ ശാലകൾക്കും വേണ്ട തൊഴിൽ നിയമങ്ങൾ രണ്ടും ഒരേ സമ്പ്രദായത്തിലിരിയ്ക്കണമെന്നുള്ള പ്രത്യാശയോടുകൂടിയാണു് ഞാൻ ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളതെന്നു് എന്റെ പ്രസംഗത്തിൽ ഒരിടത്തും കാണുകയില്ല. ഒരു നിയന്ത്രണവും ഇല്ലാത്തിടത്തു വല്ലതുമൊരു നിയന്ത്രണം വേണമെന്നേ ഇപ്പോൾ ആവശ്യപ്പെട്ടുള്ളൂ. വ്യവസായ തൊഴിലാളികളും കർഷകത്തൊഴിലാളികളും തമ്മിൽ അനുഷ്ഠിക്കേണ്ടതായ വ്യത്യാസങ്ങളെ ഈ പ്രമേയം നിഷേധിക്കുന്നില്ല. ഒന്നും ചെയ്യരുതെന്നു മുൻകൂട്ടി തീരുമാനി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടുള്ളവരോട് ന്യായപാദം ചെയ്തിട്ട് ഫലമില്ലെന്ന എനിക്കറിയാം. മൃഷകക്കേന്ദ്രമായ ഗവൺമ്മെൻറും അവരുടെ വേട്ടനായ്ക്കളായ മുതലാളിമാരും ഇത്തരം പരിഷ്കാരങ്ങളെ എതിക്കണമെന്നതന്നെയാണ് എന്റേയും മോഹം. വിപ്ലവങ്ങൾ വേഗം വരട്ടെ. സമൂല പരിവർത്തനങ്ങൾ അപ്രകാരമായാലേ എളുപ്പം നടക്കയുള്ളൂ. അരിഷ്ടതകൾ അസഹനീയമാകുമ്പോൾ മൃഷിതരുടെ അസംതൃപ്തിയാകുന്ന വെടിമരുന്നിന്ന തീപിടിക്കും. അപ്പോഴുണ്ടാകുന്ന അഗ്നിപ്രവാഹത്തിൽ യാഥാസ്ഥിതികത്വവും സ്വാർത്ഥവും വെന്തു വെണ്ണീറാവുകതന്നെ ചെയ്യും. പരിഷ്കാരത്തിന്റെ യാതൊരു തിരതല്ലലും ഏല്ക്കാത്ത കൊച്ചു ഗവൺമ്മെൻറിനെ അനുമോദിക്കുവാൻ വളരെ പ്രത്യേക താല്പര്യക്കാരുണ്ടായേക്കാം. അവരിൽ നിങ്ങൾ വഞ്ചിതരാകരുതു്. നാട്ടുമുറങ്ങളിൽ ഇങ്ങിനെയുള്ള യാതൊരു തൊഴിൽ നിയന്ത്രണങ്ങളും പാടില്ലെന്ന പറഞ്ഞാൽ അതിൽ യുക്തിയുണ്ടെന്ന് എനിയ്ക്കു തോന്നുന്നില്ല. ഇപ്പോൾ ദിവസവും ഫ്രാ-ം ഫ്രാ-ം മണിക്കൂർ വേലചെയ്താൽ ൨ അണ മാത്രം കൂലി കിട്ടുന്ന പല വേലക്കാരും ഉണ്ടെന്നു ഗവൺമ്മെൻറുതന്നെ സമ്മതിയ്ക്കുന്നു. ഗ്രാമപ്രദേശങ്ങളിൽ ഫ്രാ-ം ഫ്രാ-ം മണിക്കൂർ വേലചെയ്യുന്ന ആളുകളും മനുഷ്യരാണു്; എരുമയോ പോത്തോ അല്ല. പ്രതിഫലം യാതൊന്നും കിട്ടാതെ ചക്കാത്തു പണിചെയ്യേണ്ടിവരുന്ന മനുഷ്യക്കാലികളെക്കുറിച്ചു ഇപ്പോൾ ചിന്തിക്കുന്നേ ഇല്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ.— അങ്ങിനെയില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—നിങ്ങൾ പറയുന്നതിൽ അസംഭാവികതയില്ല. ചിലപ്രത്യേക താല്പര്യങ്ങളെ പ്രതിനിധീകരിക്കുമ്പോൾ ഇങ്ങിനെയൊക്കെത്തന്നെ പറയേണ്ടിവരും. ഈ സംഗതിയെ നിലവിലുള്ള സ്ഥിതിഗതികളെ നന്നാക്കിക്കാണിപ്പാൻ പാടുപെടാറുള്ള ഗവൺമ്മെൻറുപോലും ഈ നിയമസഭയിൽ സ്പഷ്ടമായി സമ്മതിച്ചിരിക്കെ ഇപ്പോൾ കേട്ട പ്രതിഷ്ഠാത പ്രകടനങ്ങൾ അസ്ഥാനത്തിലായിപ്പോയെന്നു പറയാതെ തരമില്ല. വളരെ പിന്നിൽ കിടക്കുന്ന ഒരു ഗവൺമ്മെൻറിനേക്കാളും പിന്നോട്ടു പോകുന്ന അനുദ്യോഗസ്ഥന്മാർ ഒരു നാട്ടിനും ഭൂഷണമല്ല.

മിസ്റ്റർ പി. രാമുണ്ണിമേനോൻ.— ഏതു കൊല്ലത്തിലാണ്?

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഫ്രാമ്പ ബഡ്ജറു യോഗത്തിൽ വച്ചു്.

മിസ്റ്റർ ടി. കെ. നായർ.— അതു ഗവൺമ്മെൻറിനു പറ്റുന്ന പല തെറ്റുകളിലൊന്നാണെന്നു മാത്രം വിചാരിച്ചാൽ മതി.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ഗവൺമ്മെൻറിനു വന്നിട്ടുള്ള സുബദ്ധങ്ങളിൽ ഒരു സുബദ്ധമാണതു്.

ഗ്രാമീണ പ്രദേശങ്ങളിൽ ഉള്ള വേലക്കാർക്കും ഫാക്ടറി വേലക്കാർക്കു കൊടുക്കുന്നതുപോലെ ഒരു നിരക്കു കൊടുക്കേണ്ടതാണു്. അതു സാധിയ്ക്കുയില്ലെങ്കിൽ ഇന്നു നാട്ടുമുറങ്ങളിൽ കണ്ടുവരുന്ന ഏറ്റവും പ്രാകൃതവും ജീവിക്കാൻ മതിയാകാത്തതുമായ

LIBRARY ARCHIVES Kerala Legislative Assembly

നിരക്കിന് ഒരു വ്യത്യാസം വരുത്തത്തക്ക നിയമങ്ങൾ ഗവമ്മെൻറിനു കൊണ്ടുവരരുതോ? എന്നാൽ അങ്ങിനെ നാട്ടുമുറങ്ങളേയും ഫാക്ടറികളേയും വ്യത്യാസപ്പെടുത്തിയുള്ള നിയമങ്ങൾ കൊണ്ടുവരുന്നതിനെ ഒരുതരത്തിലും തടസ്ഥപ്പെടുത്തുന്നതായ ഒരു വാക്കുപോലും ഈ പ്രമേയത്തിലില്ല. അതുകൊണ്ട് ഈ പ്രമേയത്തെ എൻറെ മാന്യസ്നേഹിതന്മാരെല്ലാം സഹർഷം അനുകൂലിച്ചു വോട്ടചെയ്യണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നതു്.

ഈവക സംഗതികൾക്ക് ഒരു ബില്ലു ഗവമ്മെൻറിൽനിന്നും കൊണ്ടുവരുന്നതിനേക്കാൾ അനുദ്യോഗസ്ഥന്മാർ കൊണ്ടുവരുന്നതാണു നല്ലതെന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിയ്ക്കുന്നില്ല. അനുദ്യോഗസ്ഥന്മാരേക്കാൾ കൂടുതൽ ഈദൃശ സംഗതികൾ പഠിയ്ക്കുവാനും മനസ്സിലാക്കുവാനുമുള്ള ഉപകരണങ്ങളും പുറപാടുകളും സാമഗ്രികളും ഗവമ്മെൻറിനാണുള്ളതു്. എന്നാൽ ഗവമ്മെൻറിനു് ഇത്തരം സംഗതികളിൽ വിദഗ്ധാഭിപ്രായം ശേഖരിയ്ക്കുവാനും മറു പല രാജ്യങ്ങളിലേയും നടപടികളെക്കുറിച്ചു താരതമ്യ വിവേചനം ചെയ്യുവാനും ഉള്ള ശക്തി ഇല്ലാതെയാണിരിയ്ക്കുന്നതു്. ആ സംഗതി ഗവമ്മെൻറിനെ മനസ്സിലാക്കുവാനും ഗവമ്മെൻറിനെക്കൊണ്ടു ഇക്കാര്യത്തിൽ പ്രവൃത്തിപ്പിയ്ക്കുവാനുമാണു ഇങ്ങിനെയുള്ള പ്രമേയങ്ങളുടെ ആവശ്യം. ഗവമ്മെൻറിൽനിന്നും ഇവിടെ നിലവിലുള്ള ഫാക്ടറി നിയമത്തെ ഭേദപ്പെടുത്തുവാനുള്ള ഒരു ഡ്രാഫ്റ്റു ബിൽ എഴുതിയതുകൊണ്ടു തന്നെ ഈ പ്രമേയത്തിൻറെ ആവശ്യകതയും പ്രാധാന്യതയും വെളിപ്പെടുന്നുണ്ടു്. അതുകൊണ്ടു് ഇതിലേയ്ക്ക് ഒരു നിയമമുണ്ടാക്കേണ്ടതു് ഏറ്റവും അത്യാവശ്യമാണെന്നുള്ള അനുദ്യോഗസ്ഥാഭിപ്രായം രേഖപ്പെടുത്തുവാൻവേണ്ടി, നിങ്ങൾ നിങ്ങളുടെ ഉത്തരവാദിത്വബോധം വെളിപ്പെടുത്തിയെന്നു കാണിയ്ക്കുവാനും, അതു നിലനിറുത്തുവാനുംവേണ്ടി എല്ലാവരും ഈ പ്രമേയത്തെ അനുകൂലിച്ചു വോട്ടചെയ്യണമെന്നുപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പ്രസ്സുചെയ്യുന്നു.

Resolution put and negatived.

Mr. K. M. Ibrahim.—I want a poll, Sir.

The House divided. Ayes 8, Noes 11, and Neutrals 11.

Ayes.

1. Mr. K. Ayyappan.
2. ,, A. Eachara Menon.
3. ,, K. M. Ibrahim.
4. ,, E. Ikkanda Warriar.
5. ,, P. S. Kesavan Nambudiri.
6. ,, P. Kumaran Ezhuthassan.
7. ,, T. A. Ramachandra Ayyar.
8. ,, K. P. Vallon.

Noes.

1. Mr. K. Achyuta Menon.
2. ,, V. K. Aravindaksha Menon.
3. ,, M. P. Cherian.
4. ,, I. N. Menon.
5. ,, T. Narayana Menon.
6. ,, P. Nilakanta Menon.
7. Rama Varmha Tampuran.
8. Mr. C. J. Mathew.
9. ,, P. V. Raphael.
10. ,, P. V. Subramania Ayyar.
11. ,, Thomas Manjuran.

LIBRARY ARCHIVES Kerala Legislative Assembly

Neutrals:

1. Mr. M. A. Chacko.
2. „ George Chakyamuri.
3. „ C. Ittiravi Nambudiri.
4. „ M. Krishna Menon.
5. „ P. Krishna Menon.
6. „ Paul Mampilli.
7. „ Popatlal Goverdhan Lalan.
8. „ P. Raman Menon.
9. „ A. Sankara Menon.
10. Dr. K. Sankara Menon.
11. Mrs. Swaris.

Resolution No. 5.

Promotion of Under-graduate Clerks of the Huzur Secretariat to Superintendents' Cadre.

The following Resolution standing in the name of Mr. P. C. Varkey was considered withdrawn as the mover was absent :—

"This Council recommends to the Government that the existing under-graduate clerks of the Huzur Secretariat be promoted to the cadre of Superintendents in the order of seniority provided they possess the requisite test qualifications as is done in British India in cases of non-selection appointments."

The following Amendment to the resolution standing in the name of the same member was likewise considered withdrawn.

"Between the words 'they' and 'possess' add the words 'are efficient and'.

Resolution No. 6.

Transferring of Judicial Officers to the Executive Departments of the State.

Mr. T. A. Ramachandra Ayyar.—I have moved an amendment, Sir.

Deputy President.—The Hon'ble Member has moved an Amendment to omit the words "judicial officers especially" and that amendment was accepted and the Resolution as amended reads as follows: *"This Council recommends to the Government that in future Judges of the Chief Court should not be transferred to the Executive Departments of the State."* You can move the Amended Resolution.

Mr. T. A. Ramachandra Ayyar.—Sir, After performing the opening ceremony of the then High Court buildings

LIBRARY ARCHIVES Kerala Legislative Assembly